വിശേഷജ്ഞനോട് ചോദിക്കാം

ചോദ്യം: വിശേഷജ്ഞാ, തന്ത്രം എന്നാൽ എന്തെന്ന് വിശദീകരിക്കാമോ...?

മറുപടി: തന്ത്രം എന്നു പറഞ്ഞാൽ ഒരു ഉപായം. ഉപായത്തെയാണ് തന്ത്രം എന്നു പറയുന്നത്; ഒരു ടെക്നിക്. എന്തിനു വേണ്ടിയുള്ള ടെക്നിക് എന്നു ചോദിച്ചാൽ...എല്ലാവരുടെ ഉള്ളിലും ഈശ്വരനുണ്ട്. ആ ഈശ്വരൻ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ഒരു ഈശ്വര ചൈതന്യത്തിന്റെ അംശമാണ്. ആ ഈശ്വര ചൈതന്യം പ്രപഞ്ചം ഉണ്ടാവുന്നതിനു മുൻപെ ഉണ്ടായിരുന്നു, പ്രപഞ്ചം നിലനിൽക്കുമ്പോഴുമുണ്ട്, ഒരു പക്ഷെ പ്രപഞ്ചം അവസാനിച്ചാൽ പിന്നീടും നിലനിൽക്കും. അതാണ് ഈശ്വരചൈതന്യം. അതിന്റെ അംശമാണ് നമ്മുടെ ഉള്ളിലുള്ള ഈശ്വരൻ. പക്ഷെ, സാധാരണ നിലയിൽ ആ ഈശ്വരനെ നമുക്ക് അനുഭവിക്കാൻ കഴിയുന്നില്ല. തന്റെ ഉള്ളിൽ ആ ബോധം- ഈശ്വരീയത നിലനില്ക്കുന്നുണ്ട്. ശരീരമാകുന്ന പരിമിതിയ്ക്കുള്ളിൽ നിൽക്കുന്ന സമയത്ത് 'ഞാൻ' എന്ന അവസ്ഥയിലാണുള്ളത്. ഈ പ്രപഞ്ചത്തിലെ ഏറ്റവും ചെറിയ, പരിമിതമായ ബോധമാണ് 'ഞാൻ' എന്നു പറയുന്നത്. അതല്ല.. അത് പരിമിതമായ ഒരു അവസ്ഥയല്ല; അതിങ്ങനെ നിറഞ്ഞു നിൽക്കുന്ന, കാലാതീതവും വിശാലവുമായ ഒരു അവസ്ഥയാണ് എന്ന് അനുഭവിക്കാൻ കഴിയുന്ന ഉപായത്തെയാണ് തന്ത്രം എന്ന് പറയുന്നത്. അനുഭവിയ്ക്കാൻ കഴിയുന്നത്; അറിഞ്ഞാൽ പോര! ബുദ്ധികൊണ്ട് അറിയലല്ല, ആയിത്തീരുകയാണ് വേണ്ടത്. അങ്ങനെ അനുഭവിക്കാൻ കഴിയുന്ന ഒരു ടെക്നിക്. അത് ബുദ്ധികൊണ്ട് പറയാൻ എളുപ്പമാണ്. ബുദ്ധിപരമായ പഠനങ്ങൾ നടത്താം, വിശകലനം ചെയ്യാം, ചർച്ചകൾ ചെയ്യാം...പക്ഷെ അതൊന്നും അനുഭവിക്കാൻ പറ്റില്ല. അത് അനുഭവിക്കണം, അനുഭവിക്കാൻ വേണ്ടി നമ്മുടെ ഋഷീശ്വരന്മാർ ധാരാളം ടെക്നിക്സ് ഉണ്ടാക്കിവെച്ചിട്ടുണ്ട്; ഉപായങ്ങൾ ഉണ്ടാക്കിവെച്ചിട്ടുണ്ട്. ആ ഉപായങ്ങൾ എല്ലാം തന്ത്രമാണ്. ചുരുക്കിപ്പറഞ്ഞാൽ തന്ത്രം എന്ന് പറയുന്നത് ഇതാണ്. നമ്മൾ സാധാരണ സന്ധ്യാനാമം ചൊല്ലുന്നതാണ്. ''ഞാനെന്ന ബോധമതു തോന്നായ്ക വേണം തോന്നുന്നതാകിൽ അഖിലം ഞാനിതെന്നവഴി തോന്നേണമേ'' എന്ന് സാധാരണ മുത്തശ്ശിമാർ ചൊല്ലിവരുന്നതാണ്. ഇതു തന്നെയാണ് സംഗതി. ഞാൻ എന്ന പരിമിതമായ ബോധത്തിൽ നിന്ന് വികസിച്ച് നിറഞ്ഞു നിൽക്കുന്ന, പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന, പ്രപഞ്ചത്തിനപ്പുറത്തേക്കും വ്യാപിച്ച് നിൽക്കുന്ന, കാലങ്ങൾക്കുള്ളിലും കാലാതീതമായി നിൽക്കുന്ന ഒരവസ്ഥ. അതിലേക്ക് വികസിക്കണം എന്നല്ലേ അർത്ഥം! അത് അനുഭവിക്കണമെങ്കിൽ ബുദ്ധിപരമായ പഠനങ്ങൾ കൊണ്ട് നടക്കില്ല, മനസ്സുകൊണ്ട് മനനം ചെയ്താൽ- നടക്കില്ല. അതിന് ധാരാളം വഴികളുണ്ട്. ഋഷീശ്വരന്മാർ ആ വഴി കണ്ടുപിടിച്ചു. ആ വഴികളെയാണ് മൊത്തം തന്ത്രം എന്ന് പറയുന്നത്. പിന്നെ പല വ്യാഖ്യാനങ്ങളുമുണ്ട്. അത് പിന്നീട് ചർച്ച ചെയ്യാം.

ചോദ്യം: തന്ത്രത്തെക്കുറിച്ച് പ്രാരംഭമായി പറഞ്ഞു. തന്ത്രത്തെപ്പറ്റി പറയുമ്പോൾ, തന്ത്രം ഏതൊക്കെ തരം വ്യത്യസ്ത സ്കൂളുകൾ, രീതികൾ അങ്ങനെയൊക്കെ ഉണ്ടോ?

മറുപടി: നൂറുനൂറു തരം തന്ത്രങ്ങൾ ഉണ്ട്. ബൗദ്ധതന്ത്രം മുതൽ - തന്ത്രം അടക്കം തന്ത്രത്തിന്റെ ഭാഗമാണ്. ഓരോ ഋഷീശ്വരന്മാർക്കും തന്ത്രത്തിൽ പലതരം കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു., വിശ്വാമിത്രൻ ഗായത്രിമന്ത്ര സാധനയിലൂടെയാണ് ഈ ബോധത്തെ സ്വാംശീകരിച്ചത്. ആനന്ദഭൈരമൻ ശബരീവിദ്യാ സമ്പ്രദായത്തിലൂടെയാണ് സാധന ചെയ്തത്. വിശ്വാമിത്രൻ ഈ ബോധം സ്വാംശീകരിച്ച് പ്രപഞ്ചത്തിന്റെ സുഹൃത്തായി മാറി. ആനന്ദഭൈരവൻ ആനന്ദാവസ്ഥയിൽ- ഈശ്വരീയത എന്നു പറഞ്ഞാൽ ആനന്ദം ആണല്ലോ...ആ അവസ്ഥയിൽ- ഉയർന്നു. അതാണ് ആനന്ദ ഭരവ ഋഷി. ഇങ്ങനെ ധാരാളം ഋഷീശ്വരന്മാർ, അവരുടേതായ രീതിയിൽ സ്വാംശീകരിക്കുകയും അത് ലോകത്തിൽ മറ്റുള്ളവർക്ക് ഉപയോഗിക്കാനായി ഉപദേശിക്കുകയും ചെയ്തു. എത്രതരം ഉണ്ട് എന്ന് പറയാൻ

വയ്യ, എത്രയോ ഉണ്ട്. ഹംയോഗവും അതിന്റെ ഭാഗം തന്നെയാണ്. കാരണം ശരീരത്തെ ശുദ്ധീകരിച്ചുകൊണ്ട് മുന്നോട്ടു പോവുന്നതാണ് അത്. ഹംയോഗവും തന്ത്രം തന്നെയാണ് പൂജയും തന്ത്രം തന്നെയാണ്.

ഉപചോദ്യം: വൈദികയാഗങ്ങളോ...?

മറുപടി: യാഗം തന്ത്രമല്ല. യാഗം തന്ത്രത്തിന്റെ ഭാഗമല്ല എന്ന് എനിക്കു തോന്നുന്നു. ഞാൻ മനസ്സിലാക്കിയിടത്തോളം എന്റെ കാഴ്ചപ്പാട് അതാണ്. ഞാൻ വൈദികപണ്ഡിതനൊന്നുമല്ല. പക്ഷെ ഞാൻ മനസ്സിലാക്കിയിടത്തോളം വേദങ്ങളിൽ സ്തുതികൾ ആണുള്ളത്. പ്രപഞ്ചത്തിന്റെ സൂക്ഷ്മ ചൈതന്യങ്ങളെ സ്തുതിക്കുന്നു. അതിനെ സ്വാംശീകരിക്കുവാനുള്ള ശ്രമങ്ങൾ അവിടെ ഉണ്ടോ എന്ന് എനിക്കറിയില്ല. അതുകൊണ്ട് ഞാൻ വിശ്വസിക്കുന്നു, അത് തന്ത്രമല്ല; സ്തുതികൾ ആണ്. തന്ത്രത്തിനകത്ത് സ്വാംശീകരിക്കുകയാണ് ചെയ്യുക. സ്തുതിക്കുന്നത് രണ്ടായി നിൽക്കൽ ആണ്. അതിന്റെ രഹസ്യത്തെക്കുറിച്ച് അവർ പറയുന്നു. ആപസ്സിനെക്കുറിച്ച് സ്തുതിക്കുമ്പോൾ, ജലത്തിന്റെ രഹസ്യമെന്താണ് എന്ന് പറയുന്നു; വിശകലനം ചെയ്യുന്നു. ജലം എന്ന അനുഭവത്തെ സ്വാംശീകരിക്കുവാനുള്ള സാധ്യത അതിലില്ല. സ്തുതിക്കുമ്പോൾ ഒന്നാവാൻ പറ്റില്ലല്ലോ, രണ്ടായിത്തന്നെ നിൽക്കുകയേ ഉള്ളൂ.

ചോദ്യം: തന്ത്രം എന്നത് ഭാരതീയമായ രീതി മാത്രമാണോ?

മറുപടി: ഭാരതീയമാണ് ശക്തമായ ഭാരതീയ പശ്ചാത്തലം അതിനുണ്ട്. ഭാരതത്തിന് പുറത്തും അതുണ്ടായിരുന്നു. ഒരു കാലഘട്ടത്തിൽ ഭാരതം എന്നു പറയുന്ന പരിമിതമായ അതിർത്തികൾ ഉണ്ടായിരുന്നില്ല. ഭാരതം എന്നു പറയുന്ന, ഇന്ന് നാം പറയുന്ന, രാഷ്ട്രീയമായ പരിമിതി അന്നുണ്ടായിരുന്നില്ല. കാരണം അഗസ്ത്യർ വിദേശങ്ങളിൽ പോയിട്ടുണ്ട്. ഭോഗർ ശ്രീലങ്കയിലാണ് എന്ന് വിശ്വസിക്കപ്പെടുന്നു. അങ്ങനെ ലോകത്തിലെല്ലാം ഭാഗങ്ങളിലും തന്ത്രവിദ്യ ഉണ്ടായിരുന്നു. യൂറോപ്പിൽ പൗരാണിക മതം 'സൗരമതം' ഉണ്ടായിരുന്നു. അത് തന്ത്രത്തിന്റെ ഭാഗമാണ്. ചെക്കോസ്ലാവാക്യയിൽ വെളിച്ചപ്പാടൊക്കെ ഉണ്ടായിരുന്നു. വെളിച്ചപ്പാടൊക്കെ തന്ത്രത്തിന്റെ ഭാഗമല്ലേ....! സൂര്യാരാധന ഉണ്ടായിരുന്നു, അഗ്ന്യാരാധന ഉണ്ടായിരുന്നു...അപ്പോൾ തന്ത്രത്തിന് വിശ്വവ്യാപിത്വം ഉണ്ടായിരുന്നു. അറേബ്യയിലും ഉണ്ടായിരുന്നു തന്ത്രം. നബിക്കു മുൻപ് ശക്തമായ സ്വാധീനം അറേബ്യയിൽ ഉണ്ടായിരുന്നു. താന്ത്രികന്മാരുടെ രാജ്യമായിരുന്നു അത്. അവിടെ വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. മുഹമ്മദ് നബി ജീവിച്ചിരുന്ന കാലത്ത് അവിടെ 364 വിഗ്രഹങ്ങൾ ഉണ്ടായിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു. വിഗ്രഹമുണ്ടെങ്കിൽ തന്ത്രത്തിന്റെ ഭാഗമാണ് അത്. വിഗ്രഹാരാധന തന്ത്രത്തിന്റെ ഭാഗമാണ്. പ്രപഞ്ചത്തിൽ നിറഞ്ഞുനിൽക്കുന്ന ചൈതന്യത്തെ ഏത് രൂപത്തിലും ആരാധിക്കാം; വിഗ്രഹത്തിലൂടെയും ആരാധിച്ചിരുന്നു. പക്ഷെ ഭാരതത്തിലാണ് ശക്തമായ അടിത്തറ ഇന്നും നിലനിൽക്കുന്നത്. തന്ത്രം ശുദ്ധമായ രൂപത്തിൽ ഇന്നും നില്ക്കുന്നത് ഭാരതത്തിലാണ്.

ചോദ്യം: മരണത്തെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം വിശദീകരിക്കാമോ...?

മറുപടി: മരണത്തെ സംബന്ധിച്ച ഹിന്ദുമതത്തിന്റെ കാഴ്ചപ്പാട് മറ്റ് മതങ്ങളെ അപേക്ഷിച്ച് വളരെ വ്യത്യസ്തമാണ്. ''ജാതസ്യഹി ധ്രുവോമൃത്യുർ ധ്രുവം ജന്മ മൃതസ്യച'' എന്ന പ്രമാണമനുസരിച്ച് ജനനം ഒരു തുടക്കമോ മരണം ഒരു അവസാനമോ അല്ല. അതുകൊണ്ട് മരണം ഒരു അന്ത്യയാത്ര എന്ന് വിശേഷിപ്പിക്കുന്നത് ശരിയല്ല. ശരീരത്തിൽ നിന്ന് പ്രാണൻ വേർപിരിയുന്നതാണ് മരണം. മനുഷ്യൻ എന്നു പറയുന്നത്. സകല സൂക്ഷ്മകാരണ ശരീരങ്ങൾ ചേർന്നതാണ്. സ്ഥൂല ശരീരം ജീർണ്ണിക്കുമ്പോൾ സൂക്ഷ്മശരീരം അവിടെ നിന്ന് മാറി നിൽക്കുന്നു. ഒരു വസ്ത്രം ജീർണ്ണിച്ചാൽ നാം പുതിയ വസ്ത്രം മാറി ധരിക്കും എന്നതുപോലെ. ഈ പ്രപഞ്ചത്തിലെ ഏതു വസ്തുവും പാഞ്ചഭൗതികമാണ്. സൂക്ഷ്മശരീരം പഞ്ചപ്രാണങ്ങൾ ചേർന്നതാണ്. മരണം ഉറപ്പിച്ചു കഴിഞ്ഞാൽ

ചെയ്യുന്ന ക്രിയയാണ് ചെവിയിലോത്ത്. അതിൽ പറയുന്ന മന്ത്രങ്ങളെ വ്യാഖ്യാനിച്ചാൽ നമുക്ക് മനസ്സിലാവും അപഞ്ജീകരണമാണ് മരണം. ശരീരത്തിലെ വ്യത്ഥ്യപ്തേജോ വായ്പാകാരങ്ങൾ എന്നിവ പ്രപഞ്ചത്തിലെ പഞ്ചഭൂതങ്ങളിലേക്ക് ലയിക്കുന്നു. അപ്പോൾ മരണം എന്ന് പറയുന്നത് നശിക്കുകയല്ല, അവസാനവുമല്ല. പരിമിതമായ ഒരു തലത്തിൽ നിന്ന് പരിധിയില്ലാത്ത അവസ്ഥയിലേക്ക് പരിവർത്തനം ചെയ്യുന്നു. ആ തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് മരണാനന്തര ക്രിയകൾ ആവിഷ്കരിച്ചിരിക്കുന്നത്. ശവസംസ്കാരം ഹോമബുദ്ധ്യാ അനുഷ്ഠിക്കുന്ന ഒരു ക്രിയയാണ്. സഞ്ചയനം, സംസ്കരിച്ച പ്രദേശം ശുദ്ധമാക്കി, അത് വീണ്ടും കൃഷിഭൂമിയാക്കുന്ന സംസ്കാര ക്രിയകളാണ് . പിന്നീടുള്ള ബലിക്രിയകളും പിണ്ഡവും വാർഷിക ശ്രാദ്ധക്രിയകളുമെല്ലാം അനുഷ്ഠിക്കേണ്ടത് പുത്രന്മാരാണ്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം തനിക്കു മാത്രമായി ഒരസ്തിത്വമില്ല. ഒര ഒരു പരമ്പരയുടെ കണ്ണി മാത്രമാണ് അയാൾ/അവർ. മാതൃവംശത്തിന്റെയും പിതൃവംശത്തിന്റെയും ഇങ്ങേ അറ്റത്ത് എത്തി നിൽക്കുന്ന ഒരു കണ്ണി. എഴുതലമുറകൾ വരെയുള്ള ചൈതന്യം ഓരോരുത്തരുടെയും ഉള്ളിൽ അടങ്ങിയിരിക്കുന്നു. തന്റെ ഉള്ളിൽ ജീവിച്ചിരിക്കുന്ന പിതൃകൾക്കു വേണ്ടിയാണ് പിതൃബലികളും ശ്രാദ്ധവും എല്ലാം. ശ്രാദ്ധകർമ്മങ്ങളിലൂടെ പൂർവ്വീകരിലൂടെ തന്നിൽ വന്നു ചേർന്നിരിക്കുന്ന പ്രതിലോമമായ ചൈതന്യങ്ങൾ നശിക്കുകയും അതുവഴി തനിക്കും തന്റെ പരമ്പരകൾക്കും സൽസന്താനങ്ങളും സമ്പദ്സമൃദ്ധിയും അനുഭവിക്കാൻ കഴിയുന്നു.